LIBRARY ARCHIVES Kerala Legislative Assembly

വാഗമൺ ഭാഗത്തെ പട്ടയഭൂമി

23 [1315] ശ്രീ. ജോർജ് ജെ. മാത്യു:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, കെ. മോഹൻകുമാർ:

,, കെ. സി. വേണുഗോപാൽ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ ഭാഗത്തുള്ള പട്ടയഭൂമിയുടെ പട്ടയം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വ്യാജ പട്ടയം കണ്ടെത്തിയിട്ടുണ്ട്;

(സി) ഒട്ടാകെ എത്ര പട്ടയങ്ങളാണ് പരിശോധിച്ചിട്ടുള്ളത്;

(ഡി) ബാക്കിയുള്ളവ പരിശോധിക്കുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഗമൺ പ്രദേശത്തുള്ള പട്ടയ ഭൂമിയുടെ പട്ടയം സ്പെഷ്യൽ ടീമിന്റെ നേതൃത്വത്തിൽ പരിശോധിച്ചുവരുന്നു.

(ബി) പട്ടയത്തിലെ സർവ്വെ നമ്പരും യഥാർത്ഥ കൈവശ വസ്തുവിന്റെ സർവ്വെ നമ്പരുമായി വ്യത്യാസമുള്ള 35 പട്ടയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) റീ സർവ്വെ റിക്കാഡുകൾ, പട്ടയ ഫയലുകൾ, കൈവശ സ്ഥലം എന്നിവയുമായി ഒത്തുനോക്കി ഇതിനോടകം 230 പട്ടയങ്ങൾ പരിശോധിച്ചിട്ടുണ്ട്.

(ഡി) പട്ടയങ്ങളുടെ പരിശോധന തുടർന്നുവരുന്നു.

വാഗമൺ പ്രദേശത്തെ വ്യാജ പട്ടയങ്ങളും ഭൂമി കയ്യേറ്റവും

24 [1316] ശ്രീ. ലൂഡി ലൂയിസ്:

,, കെ. മുഹമ്മദാലി:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ പ്രദേശത്തെ വ്യാജ പട്ടയങ്ങളെപ്പറ്റിയും കയ്യേറ്റങ്ങളെപ്പറ്റിയും തെളിവെടുപ്പ് നടത്തിയോ;